



# അക്കാദമിക മാസ്റ്റർ പ്ലാൻ

എ.എം.എൽ.പി. എസ് പെരുമ്പടപ്പ്.

CS CamScanner

# ആമുഖം

പെരുമ്പടപ്പ് എ.എം.എൽ.പി സ്കൂളിൽ 2025-26 അധ്യയന വർഷത്തിൽ വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാകുന്നതിനു വേണ്ടിയാണ്. പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പഠനപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യമാക്കുക, സ്വയം ഏറ്റെടുക്കൽ മനോഭാവം വളർത്തുക സ്വയം വിലയിരുത്തൽ, പരസ്പരം വിലയിരുത്തൽ, പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുക തുടങ്ങിയ ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നു.

ഭാഷയിലും, ശാസ്ത്രത്തിലും, ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാനും, സമൂഹത്തിൽ വിദ്യാസമ്പന്നരായി മാറാനും ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നതാണ്.

പെരുമ്പടപ്പിലെ ആദ്യവിദ്യാലയമായ എ.എം.എൽ.പി. സ്കൂൾ പെരുമ്പടപ്പ് 1903ലാണ് ആരംഭിച്ചത്. പെരുമ്പടപ്പ് പഞ്ചായത്തിലെ അഞ്ചാം വാർഡിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഒരു ഡിവിഷൻ മാത്രമായി ആരംഭിച്ച ഈ സ്കൂളിന്റെ ആദ്യകാല മാനേജർ അമ്മു മുസ്ല്യാരായിരുന്നു. സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പഠനത്തോട് അകന്ന സമീപനം സ്വീകരിച്ച ഇക്കാലത്ത് ഒട്ടേറെ പ്രയാസങ്ങൾ ഈ സ്ഥാപനത്തിനും നേരിടേണ്ടി വന്നിട്ടുണ്ട്. അധ്യാപകരും, പി.ടി.എയും ഈ സ്കൂളിന്റെ ഉന്നമനത്തിനുവേണ്ടി നിരന്തരം പ്രവർത്തിച്ചു പോന്നു. സ്കൂൾ സംരക്ഷണ സമിതിയുടേയും, പി.ടി.എയുടേയു പരിശ്രമത്തിന്റെ ഫലമായി ഈ സ്കൂൾ നല്ല ഭൗതിക സൗകര്യങ്ങളുള്ള ഒരു പുതിയ വിദ്യാലയമായി മാറി. അടച്ചുറപ്പുള്ള ആറ് മുറികളോടു കൂടിയ കോൺക്രീറ്റ് കെട്ടിടത്തിലാണ് ഈ സ്കൂൾ ഇപ്പോൾ പ്രവർത്തിക്കുന്നത്

ഈ അധ്യയനവർഷത്തിൽ ഈ സ്കൂളിൽ 69 കുട്ടികളാണ് പഠിക്കുന്നത്. സ്കൂളിൽ 4 ഡിവിഷനുകളിലായി 5 അധ്യാപകരാണുള്ളത്. ഇവിടെ ഒന്നുമുതൽ നാലുവരെയുള്ള ക്ലാസുകൾ ഓരോ ഡിവിഷനുകളിലായി പ്രവർത്തിക്കുന്നു. ആൺകുട്ടികളും പെൺകുട്ടികളും ചേർന്നു പഠിക്കുന്നു. വെള്ളിയാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ 10 മുതൽ 4 വരെയും, വെള്ളിയാഴ്ച 9.30 മുതൽ 4 വരെയും പ്രവർത്തിക്കുന്നു.

CamScanner

എല്ലാ വെള്ളിയാഴ്ചകളിലും SRG യോഗം കൂടാറുണ്ട്. യോഗത്തിൽ ഒരാഴ്ചത്തേക്കുള്ള ആസൂത്രണം, വിലയിരുത്തൽ, ദിനാചരണം, ടീച്ചിംഗ് ലേണിംഗ് മെറ്റീരിയൽസ് എന്നിവ ചർച്ച ചെയ്യാറുണ്ട്. എല്ലാ ദിവസവും 9.55 ന് സ്കൂൾ അസംബ്ലി കൂടുന്നു. ബുധനാഴ്ചകളിൽ ഇംഗ്ലീഷ്, അറബ് അസംബ്ലിയും മാറിമാറി നടത്തുന്നു. അസംബ്ലിയിൽ പത്രവായന, ചിന്താവിഷയം, ക്വിസ് പുസ്തകപരിചയം, വായനക്കുറിപ്പ് അവതരണം എന്നിവ നടത്താറുണ്ട്. കുട്ടികളുടെ കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനായി മാസത്തിലൊരിക്കൽ വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഭാഗമായി 'ബാലസഭ' കൂടാറുണ്ട്. കുട്ടികളുടെ വായനശീലം വർദ്ധിപ്പിക്കുന്നതിനായി ക്ലാസ് ലൈബ്രറികൾ സജ്ജമാക്കിയിട്ടുണ്ട്.

ദിനാചരണങ്ങളോടനുബന്ധിച്ച് ക്വിസ് മത്സരങ്ങൾ നടത്തുകയും, വിജയികൾക്ക് സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്തുവരുന്നു. LSS കുട്ടികൾക്കായി പ്രത്യേക പരിശീലനം നൽകിവരുന്നു. മഴക്കാല രോഗങ്ങൾ, ലഹരി.... തുടങ്ങി വിവിധ വിഷയങ്ങളിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്.

മാസത്തിലൊരിക്കൽ ക്ലാസ് പി.ടി.എയും മൂന്ന് മാസത്തിലൊരിക്കൽ MPTA യും കൂടി വരുന്നു.

ഈ വിദ്യാലയത്തിലെ അധ്യാപകരുടേയും കുട്ടികളുടേയും വിവരങ്ങൾ താഴെ ചേർക്കുന്നു.

ഓമന പി.ജി - പ്രധാനാധ്യാപിക
ഷൈനി സെബാൻ.കെ - LPST
നൗഷിജ എം.ടി - LPST
നജ്മ പി.എ - LPST
നിഷിജ തിയ്യത്തയിൽ - അറബിക് FT

| ക്ലാസ് | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
|---|---|---|---|
| I | 10 | 8 | 18 |
| II | 4 | 12 | 16 |
| III | 4 | 8 | 12 |
| IV | 12 | 11 | 23 |
| TOTAL | 30 | 39 | 69 |

CS CamScanner

# അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | - പ്രീ-ടെസ്റ്റ്, ഭാഷാകേളി<br>- അക്ഷരം, അടയാളം ഉറപ്പിക്കൽ<br>- പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ<br>- ചിത്രം-കഥ പറയൽ, എഴുതൽ<br>- സചിത്ര നോട്ടുപുസ്തകം<br>- പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | ജൂൺ - ഡിസംബർ |
| വായനാശേഷി വളർത്തൽ | വായനാമൂല, ക്ലാസ് വായന കൂട്ടം, പത്രവായന, അമ്മ വായന, വായനാ കുറിപ്പ്, പുസ്തക പരിചയം, രചനാ പരിചയ കുറിപ്പ്, ആനുകാലിക വായന സമീപ ഗ്രന്ഥശാല സന്ദർശനം, ചിത്ര വായനാകാർഡുകൾ തയ്യാറാക്കൽ, വായനാനുഭവം പങ്കുവെയ്ക്കൽ, വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ ഇ-വായന, ICT സാധ്യത, ബാലസ | ജൂൺ - ഫെബ്രുവ |

CamScanner

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| ട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | കഥാപൂരണം, കവിതാപൂരണം രചനാപരിചയ കുറിപ്പ്, സചിത്ര നോട്ടുപുസ്തകം, പോസ്റ്റർ, സാങ്കൽപ്പിക ഡയറി, ചിത്രം നോക്കി എഴുതൽ, സാഹിത്യകാരന്മാരായുള്ള അഭിമുഖം, ദിനാചരണങ്ങൾ – കുറിപ്പ്, ക്ലാസ് പത്രം, സംഭാഷണം, വിവരണം, കൈയെഴുത്തു മാസിക | ജൂൺ – ഫെബ്രുവരി |
| ാഷാപഠനത്തിന്റെ ാഗമായി നേടിയ ശേഷികൾ ആത്മ വിശ്വാസത്തോടെ അവതരിപ്പിക്കൽ | ഭാഷോത്സവം, രചനാപരിചയ കുറിപ്പുകളുടെ പ്രദർശനം, സർഗ്ഗശേഷികളുടെ പ്രദർശനം | മാർച്ച് |

# English

| Objectives | Activities | Duration | In charge |
| --- | --- | --- | --- |
| To speak English fluently without inhibition | English assembly activities, Skit, Drama, conversation, Story Telling Creates opportunities to listen stories interviews, short films... | June - March | Teachers PTA. |
| To improve the reading skill. To read English fluently. | Reading corners, News reading. Reading cards, assembly activities, Text book reading, Reading competition Readers Theatre. | June - March | Teachers PTA. |
| To develop the writing skill. To write their ideas independently. | Diary writing, Description for the given picture, Notice writing, English Magazine, Letter writing Book reviews. | June - March. | HM, Teachers. |
| To improve creative writing in English. | Diary writing, English Magazine. Notice writing, Advertisement, Letter writing, English club activities. | | HM Teachers |

CamScanner

| | | | |
|---|---|---|---|
| To speak English confidently. | English club activities, Hello English, English Fest. Assembly activities. | ~~Teachers~~, June - March | Teachers PTA. |
| To write English without mistakes | Write day to day activities in English - Diary writing | June - March | Teachers. |

CamScanner

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| - സംഖ്യാബോധം, സംഖ്യാവ്യാഖ്യാനം, സങ്കലനം, വ്യവകലനം, ഗുണനം, ഹരണം പ്രയോഗിക്കൽ പ്രശ്നപരിഹരണം എന്നിങ്ങനെയുള്ള പഠനനേട്ടങ്ങൾ ലക്ഷ്യമിട്ടുള്ള പ്രവർത്തനത്തിന് മുൻതൂക്കം നൽകൽ | പ്രീടെസ്റ്റ് - സംഖ്യാപാട്ട്, സംഖ്യാചിത്രങ്ങൾ, സംഖ്യാകാർഡ്, സംഖ്യാറിബ്ബൺ, സംഖ്യാചക്രം സ്ഥാനവില പോക്കറ്റ്, ആരോഹണം / അവരോഹണം സംഖ്യാമാല, പാറ്റേൺ | |
| ഗണിതപഠനം രസകരമാക്കാൻ ചതുഷ്ക്രിയകൾ ലളിതമാക്കൽ | ഗണിതകേളികൾ, ICT, കണക്കിലെ കളികൾ, കച്ചവടക്കളി, ഏണിയും പാമ്പും, ഡൈസ് കളി, ഗണിത ക്വിസ്, ഇഷ്ടസംഖ്യാ ചിത്രം വര, സംഖ്യാപുഷ്പം, അബാക്കസ്, കുസൃതി കണക്കുകൾ, ഒറിഗാമി ടാൻഗ്രാം | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ...നിതപഠനപ്രവർത്തനം ...ാര്യമാക്കൽ | കണക്കുപെട്ടി, അബാക്കസ്, സ്ഥാനവിലപോക്കറ്റ്, ക്ലോക്ക്, ഗണിത കിറ്റ് | |
| ...ന്യജീവിതവുമായി ബന്ധ ...ട്ടതിയുള്ള ഗണിത ...ന പ്രക്രിയകൾ ഒരുക്കൽ | സമയം പറയാം, കളിനോട്ടുകൾ നാണയങ്ങൾ, കച്ചവടക്കളി ഉയരം, ഭാരം അളക്കൽ, കലണ്ടർ മീറ്റർ സ്കെയിൽ | |
| ...ിതശേഷികളുടെ പ്രയോഗം | പ്രശ്നോത്തരി, ഗണിത പസിൽ, പാറ്റേൺ, ജ്യാമിതീയ രൂപങ്ങൾ ഗണിതമാസിക, പഠനോപ കരണങ്ങളുടെ പ്രദർശനം | |

## അക്കാദമിക മാസ്റ്റർ പ്ലാൻ - പരിസര പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| * ചുറ്റുപാടുമുള്ള പക്ഷികളെ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തുന്നു. നിറങ്ങളുടെ അടിസ്ഥാനത്തിൽ തരം തിരിക്കുന്നു.<br>* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.<br>* പ്രകൃതിയെ അറിയാൻ. | പ്രീ ടെസ്റ്റ്,<br>ചിത്ര പ്രദർശനം.<br>പ്രകൃതി നടത്തം.<br>ജീവജാലങ്ങളെ നിരീക്ഷണം.<br>ഇല ശേഖരണം, ഇല ആൽബം<br>ഇല മൃഗശാല.<br>- ഫീൽഡ് ട്രിപ്പ്. ആവാസവ്യവസ്ഥകൾ അടുത്തറിയാം.<br>→ ചെടിയുടെ ഭാഗങ്ങൾ, കുറിച്ച്<br>- ഡോക്യുമെന്ററി പ്രദർശനം. | ജൂൺ - ഓഗസ്റ്റ്. |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ...ക്ഷകൾ നിരീക്ഷിച്ചും ...ചിത്രങ്ങൾ വിശകലനം ചെയ്തും പരീക്ഷണ ...ങ്ങളിലേർപ്പെട്ടും ...ിർന്നവരോട് അന്വേഷിച്ചും സവിശേഷതകൾ കണ്ടെത്തുന്നു. | നിരീക്ഷണം, പരീക്ഷണം, തരംതിരിക്കൽ, പട്ടികപ്പെടുത്തൽ, ക്രമീകരിക്കൽ, അപഗ്രഥനം, നിഗമനരൂപീകരണം | |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | → പരിസര നടത്തം<br>→ വൃക്ഷങ്ങളെ നടൽ<br>→ വിത്ത് ശേഖരണം.<br>→ ആൽബം.<br>→ പതിപ്പ്.<br>→ നിരീക്ഷണക്കുറിപ്പ്. | ജൂൺ - ഒക്ടോബർ. |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| * ശാസ്ത്രാവബോധം വളർത്തുക. | → കണ്ടെത്താം അറിയാം<br>→ ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു. കുറിപ്പു തയ്യാറാക്കൽ. | |
| * കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക. | → നല്ല ശീലങ്ങൾ പാട്ട്<br>→ ദിന കൃത്യങ്ങൾ<br>→ പോസ്റ്റർ നിർമ്മിക്കാം.<br>→ പ്രഥമ ശുശ്രൂഷപെട്ടി.<br>→ ഡ്രൈ ഡേ ദിനാചരണം.<br>→ പരിസര മലിനീകരണം- സർവ്വേ<br>→ പ്രതിജ്ഞ, ശുചിത്വപാട്ട്. | ഒക്ടോബർ- ഫെബ്രുവരി. |
| * ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തൽ. | → പച്ചക്കറികൾ, കിഴങ്ങുകൾ പഴങ്ങൾ എന്നിവ കൊണ്ടുവരുന്നു. ഓരോന്നിന്റെയും ഏത് ഭാഗമാണ് ഭക്ഷണയോഗ്യമായത് എന്ന് കണ്ടെത്തുന്നു. | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - അറബിക്

| ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| തെറ്റ് കൂടാതെ വായിക്കുന്നതിനുള്ള കഴിവുണ്ടാക്കുന്നു. | അക്ഷരവായന, ക്ലാസ് വായന, ചിത്ര വായന, കഥാവായന, വായനാമത്സരങ്ങൾ, വാക്യങ്ങൾ ഉറപ്പിക്കൽ, ഇ-വായന | ജൂൺ - സെപ്റ്റംബർ |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്. | ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു. ലാംഗ്വേജ് ഗെയിംസ്, റോൾ പ്ലേ, ക്ലാസ് സംഭാഷണം, പദസമ്പത്ത് വർദ്ധിപ്പിക്കൽ. | |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം. | അക്ഷരങ്ങൾ ഉറപ്പിക്കൽ, പദങ്ങൾ ഉറപ്പിക്കൽ, കോപ്പി എഴുത്ത്, ചാർട്ടെഴുത്ത് | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| | ചിഹ്നങ്ങൾ ഉറപ്പിക്കൽ, അക്ഷര-കാർഡ് നിർമ്മാണം, കയ്യെഴുത്ത് മാസിക, ചുവർ പത്രിക നിർമ്മാണം, ചിത്രത്തിന്റെ സഹായത്തോടെ വാക്യങ്ങൾ നിർമ്മിക്കൽ. | ജൂൺ- ജൂലൈ |
| ...ത നേടിയെടുത്ത ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ. | ഭാഷോത്സവം, സർഗ്ഗ ശേഷികളുടെ പ്രദർശനം, രചനാ പരിചയ കുറിപ്പുകളുടെ പ്രദർശനം. | |